


'ഒട്ടകത്തിന് ഇടം കൊടുത്തതു പോലെ' എന്ന ചൊല്ല് കേട്ടിട്ടുണ്ടോ? കച്ചവടത്തിനായി നമ്മുടെ നാട്ടിൽ വന്നെത്തിയവർ പിന്നീട് നമ്മുടെ അധികാരികളായതും നമ്മൾക്കറിയാം. ഇത്തരത്തിൽ നമ്മുടെ നാട്ടിൽ വിരുന്നിനെത്തിയ ചില വിദേശ സസ്യങ്ങളുണ്ട്. അവ പിന്നീട് നമ്മുടെ പാവം നാട്ടു സസ്യങ്ങൾക്ക് ഭീഷണിയായതെങ്ങനെ എന്നറിയണ്ടേ?

ശ്യാംകുമാർ

# കടന്നുകയറ്റക്കാരായ വിദേശ സസ്യങ്ങൾ

വളരെ വേഗത്തിൽ വളരുന്നതും വെള്ളം, വെളിച്ചം, വളം എന്നിവക്കായി തദ്ദേശീയ സസ്യങ്ങളോട് മത്സരിക്കുന്നവയുമാണ് അധിനിവേശ സസ്യങ്ങൾ.

ഇവ വായുസഞ്ചാരം കുറക്കുകയും ചിലപ്പോഴൊക്കെ പ്രത്യേകതരം ഷഡ്പദങ്ങളുടെയും രോഗങ്ങളുടെയും വാഹകരായി മാറുകയും ചെയ്യാറുണ്ട്. വിളകളുടെ വളർച്ചക്കും പുനരുൽപാദനത്തിനുമെല്ലാം വിഘാതം സൃഷ്ടിക്കുന്നവയാണ് വൈദേശിക സസ്യങ്ങൾ.

ഇത്തരത്തിൽ ആവാസവ്യവസ്ഥയുടെ സ്വാഭാവികത മാറ്റിമറിക്കുകയും തദ്ദേശീയ സസ്യങ്ങളുടെ നാശത്തിന് കാരണമാകുകയും ചെയ്യുന്ന കളവർഗത്തിൽപ്പെട്ട സസ്യങ്ങളിൽ ചിലതിനെ പരിചയപ്പെടാം.

## ധൃതരാഷ്ട്രപ്പച്ച

'ധൃതരാഷ്ട്രാലിംഗനം' എന്ന പദം കൂട്ടുകാർ കേട്ടിട്ടില്ലേ? തന്റെ പുത്രനായ ദുര്യോധനനെ വധിച്ച ഭീമനോട് അടങ്ങാത്ത പകയുണ്ടായിരുന്ന ധൃതരാഷ്ട്രർ ഭീമസേനനെ ആലിംഗനം ചെയ്യാനെന്ന ഭാവത്തിൽ അദ്ദേഹം മുന്നോട്ടു വന്നപ്പോൾ ശ്രീകൃഷ്ണൻ ഭീമന്റെ അതേ വലിപ്പത്തിലുള്ള ഒരു ഉരുക്ക് പ്രതിമയെ മുന്നിൽ നിർത്തി. അന്ധനായ ധൃതരാഷ്ട്രരുടെ ആലിംഗനത്താൽ ആ പ്രതിമ തവിടു പൊടിയായി. ഇത്തരത്തിൽ മറ്റ് സസ്യങ്ങളെ ആലിംഗനം ചെയ്ത് അപ്പാടെ നശിപ്പിക്കുന്ന കളയാണ് 'ധൃതരാഷ്ട്രപ്പച്ച'.

ഒരു ദിവസം കൊണ്ട് 8 മുതൽ 10 വരെ സെന്റീമീറ്റർ വളരാൻ കഴിവുള്ള ഈ സസ്യം വലിയ മരങ്ങളെ പോലും പൂർണ്ണമായും മൂടിക്കളയും. കൈപ്പുവള്ളി, അമേരിക്കൻ വള്ളി, സിൽക്ക് വള്ളി, ചൈനീസ് ക്രീപ്പർ എന്നീ പേരുകളിലും ഇവ അറിയപ്പെടുന്നു. 'ആസ്റ്ററേസിയ' കുലത്തിലെ ഈ സസ്യം ഏഷ്യ, യൂറോപ്പ്, അമേരിക്ക, ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ കാർഷിക മേഖലക്ക് വൻ ഭീഷണി ഉയർത്തുന്നു.



വയനാട്ടിലെ മരച്ചീനി, കാപ്പി, റബ്ബർ, വാഴ, കുരുമുളക് എന്നിവയെ ഈ കളകൾ സാരമായി ബാധിക്കുന്നുണ്ട്. ഇവയുടെ തണ്ടിൽ നിന്നും പതിനായിരക്കണക്കിന് വരെ വിത്തുകൾ ഉണ്ടാകും. വിത്തുകൾക്ക് പുറമെ തണ്ടുകളിൽ നിന്നും വേരുകളിൽ നിന്നും പുതിയ ചെടികൾ ഉണ്ടാകുന്നതിനാൽ ഈ വള്ളിച്ചെടികൾ കുറഞ്ഞ സമയത്തിനുള്ളിൽ പടർന്ന് പന്തലിച്ച് ഒരു പ്രദേശത്തെ സസ്യങ്ങളെയാകെ മൂടിക്കളയുന്നു.

## മഞ്ഞക്കൊന്ന

അമേരിക്കൻ ഭൂഖണ്ഡത്തിലാണ് മഞ്ഞക്കൊന്നയുടെ ജനനം. അധിനിവേശ സസ്യഗണത്തിൽപ്പെട്ട നിത്യഹരിതവൃക്ഷമായ

തൊണ്ടമുള്ള് എന്നും അറിയപ്പെടുന്ന രോഗം – ഡിഫ്ത്തീരിയ

## വെള്ളമൂറ്റുന്ന യൂക്കാലിയും അക്കേഷ്യയും

ചതുപ്പ് നിലങ്ങളെ കൃഷിയോഗ്യമാക്കുവാനാണ് ബ്രിട്ടീഷുകാർ പശ്ചിമഘട്ടത്തിലെ ഏറ്റവും പരിസ്ഥിതി ലോല പ്രദേശങ്ങളിലൊന്നായ മൂന്നാർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ യൂക്കാലിപ്സ് മരങ്ങൾ നട്ടുപിടിപ്പിച്ചത്. എന്നാൽ ജലസ്രോതസ്സുകളെ പോലും യൂക്കാലിപ്സ് മരങ്ങളുടെ വ്യാപനം സാരമായി ബാധിച്ചിരിക്കുകയാണ്. ശരാശരി അമ്പത് വർഷം പഴക്കമുള്ള ഒരു യൂക്കാലിപ്സ് മരം നാലായിരം ലിറ്റർ വെള്ളം വരെ ഒരു ദിവസം വലിച്ചെടുക്കും. കൃഷിയിടങ്ങളെ തരിശാക്കി മാറ്റുന്ന യൂക്കാലിത്തോട്ടങ്ങളുടെ വ്യാപനം വേഗം തടയാത്തപക്ഷം ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുമെന്ന് പരിസ്ഥിതിപ്രവർത്തകർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ചതുപ്പുനിലങ്ങൾ വറ്റിക്കാനും തരിശുഭൂമിയിൽ വനവത്കരണം നടത്താനും വിറകിനുമൊക്കെയായി ഉപയോഗിക്കുന്ന അക്കേഷ്യ തദ്ദേശ ജൈവവൈവിധ്യത്തിന് വൻഭീഷണി സൃഷ്ടിക്കുന്നുണ്ട്. മണ്ണിൽ നിന്നും വൻതോതിൽ ജലാംശം വലിച്ചെടുക്കുന്ന ഈ സസ്യം വനമേഖലകൾക്കും ജീവിവർഗ്ഗങ്ങൾക്കും പുല്ലിനങ്ങൾക്കും കടുത്ത ഭീഷണിയാണ്. ഇവയുടെ പൂമ്പൊടി അലർജിയും ശ്വാസകോശരോഗങ്ങളും ഉണ്ടാക്കുന്നു.



മഞ്ഞക്കൊന്നയുടെ ചുവട്ടിലോ പരിസരത്തോ പുല്ല് പോലും വളരാറില്ല. വയനാട് വന്യജീവി സങ്കേതം ഉൾപ്പെടെയുള്ള വന്യജീവി സങ്കേതങ്ങൾക്കും അതിർത്തി പ്രദേശങ്ങൾക്കും ഈ വൈദേശിക സസ്യവർഗ്ഗം കടുത്ത ഭീഷണിയാണ് സൃഷ്ടിക്കുന്നത്

23 ഇനം അധിനിവേശ സസ്യങ്ങളുടെ സാന്നിധ്യം ഈ വന്യജീവി സങ്കേതത്തിൽ ഇതിനോടകം കണ്ടെത്തിയിട്ടുണ്ട്. ഏതാനും വർഷം മുമ്പു വരെ ഇവയിൽ നാലാം സ്ഥാനത്തായിരുന്ന മഞ്ഞക്കൊന്ന ഇപ്പോൾ ഒന്നാം സ്ഥാനത്താണ്.

മുത്തങ്ങ, ബത്തേരി, തോൽപ്പെട്ടി, കുറിച്യാട് എന്നിങ്ങനെ നാല് റേഞ്ചുകൾ ഉൾപ്പെടുന്ന 344.4 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിലുള്ള വയനാട് വന്യജീവി സങ്കേതത്തിൽ മഞ്ഞക്കൊന്നകൾ വ്യാപകമാണ്.

ഒരു ദശാബ്ദം മുമ്പ് സമൂഹിക വനവത്കരണ വിഭാഗം നട്ട തൈകളാണ് പിന്നീട് വൻ വിപത്തായത്. വളരെ വേഗത്തിൽ ഉയരത്തിൽ വളരുന്ന മഞ്ഞക്കൊന്ന രണ്ടാം വർഷം പുഷ്പിക്കും. ഒരു തവണ ശരാശരി 6000 വിത്തുകൾ ഉത്പാദിപ്പിക്കും. ഇതിൽ 95 ശതമാനവും വളരാറുണ്ട്. സൂര്യപ്രകാശം നന്നായി ലഭിക്കുന്നിടത്ത് തഴച്ചുവളരുന്ന മഞ്ഞക്കൊന്നകൾ മണ്ണിന്റെ നൈസർഗിക ഗുണങ്ങൾ നഷ്ടമാക്കുന്നു. വൻ തോതിലുള്ള നിർജ്ജലീകരണത്തിനും കാരണമാകുന്ന മഞ്ഞക്കൊന്നകളെ ഉന്മൂലം ചെയ്യുന്നതിനു പുതിയ മാർഗ്ഗങ്ങൾ കണ്ടെത്താൻ വനം-വന്യജീവി വകുപ്പ് ശ്രമിക്കുന്നുണ്ട്.

ഇവയുടെ തടി വിറകിനോ നിർമ്മാണത്തിനോ ഉപയോഗപ്പെടുത്താനാകില്ല. മഞ്ഞക്കൊന്നയുടെ കലോറി കുറഞ്ഞ വിറക് കത്തിക്കുമ്പോൾ ഉണ്ടാകുന്ന പുക ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് തെളിഞ്ഞിട്ടുണ്ട്. മഞ്ഞക്കൊന്നയുടെ ഇലയിലും തടിയിലും വിഷാംശം ഉള്ളതായി പഠനത്തിൽ തെളിഞ്ഞിട്ടുള്ളതിനാൽ ഇലകളെ വളമാക്കാനും കഴിയില്ല.

## അമ്മിണിപ്പൂ

‘അമ്മിണിപ്പൂ’ എന്ന പേരിൽ നമ്മുടെ നാട്ടിൻപുറങ്ങളിൽ വിലസുന്ന ‘സിംഗപ്പൂർ ഡെയ്സി’ അഥവാ ‘വഡേലിയ’ ഒരു വിദേശ



ചികുൻഗുനിയ രോഗം ആദ്യമായി കണ്ടെത്തിയത് എവിടെ– ദക്ഷിണ ടാൻസാനിയ (1952)



കോൺഗ്രസ് പച്ച

സസ്യമാണെന്ന് പറഞ്ഞാൽ പലർക്കും അത് വിശ്വസിക്കാൻ ബുദ്ധിമുട്ടാണ്. കാരണം സൂര്യകാന്തിയുടെ കുടുംബത്തിൽപ്പെട്ട ഈ ചെടി നമുക്കെല്ലാം അത്രത്തോളം സുപരിചിതമാണ്.

ഈർപ്പമുള്ളിടത്തെല്ലാം വഡേലിയ ആധിപത്യമുറപ്പിച്ചു കഴിഞ്ഞു. മെക്സിക്കോ, കരീബിയൻ ദ്വീപുകൾ എന്നിവ ഉൾപ്പെട്ട മധ്യ അമേരിക്കൻ സ്വദേശിയായ ഈ സസ്യം തെക്കുകിഴക്കൻ ഏഷ്യയടക്കം പലയിടങ്ങളിലും തഴച്ച് വളരുന്നുണ്ട്. മനോഹരമായ മഞ്ഞ പൂക്കളുള്ള ഈ ചെടി പരക്കെ വളർന്ന് നിലം മൂടിക്കളയുന്നതിനാൽ മറ്റ് സസ്യങ്ങളുടെ വളർച്ചക്ക് തടസ്സമാകുന്നു. കടും പച്ചനിറത്തിൽ ഇലകളുള്ള വഡേലിയ പാടങ്ങളിലും മറ്റു കൃഷിയിടങ്ങളിലും തഴച്ചുവളരുന്നു.

മണ്ണിന്റെ ജൈവാംശം മുഴുവൻ വലിച്ചെടുത്ത് മണ്ണിന്റെ സ്വാഭാവികത ഇല്ലാതാക്കാനുള്ള കഴിവ് ഇവക്കുണ്ട്. ഇവ വളം പൂർണ്ണമായും വലിച്ചെടുക്കും. മാത്രമല്ല, ഈ ചെടി ഭക്ഷിച്ചാൽ വളർത്തുമൃഗങ്ങൾക്ക് അസുഖമുണ്ടാകും. കീടങ്ങളും രോഗങ്ങളും ഈ ചെടിയെ ബാധിക്കാറില്ല. മെക്സിക്കോ, കരീബിയൻ ദ്വീപുകൾ, തെക്കുകിഴക്കൻ ഏഷ്യ എന്നിവിടങ്ങളിൽ ഇതിനെ അലങ്കാരച്ചെടിയായി ഉപയോഗിക്കാറുണ്ട്. കേരളത്തിൽ കാണപ്പെടുന്ന ചെറുസൂര്യകാന്തിയുമായി വളരെ സാദൃശ്യമുള്ള ഈ ചെടിയെ തീരകാന്തി, കമ്മൽ ചെടി എന്നും വിളിക്കാറുണ്ട്. അലങ്കാരസസ്യമായി ചിലർ ഇതിനെ

## ഭീഷണിയായ ജലസസ്യങ്ങൾ

1940-കളിൽ ലോകത്തിന്റെ ഇതര ഭാഗങ്ങളിലേക്ക് വ്യാപിച്ച ആഫ്രിക്കൻ പായലിന്റെ സ്വദേശം തെക്കുകിഴക്കൻ ബ്രസീലും വടക്കൻ അർജന്റീനയുമാണ്. ആഫ്രിക്ക, ഏഷ്യ, ഓസ്ട്രേലിയ തുടങ്ങിയ മേഖലകളിലെ ജൈവവൈവിധ്യത്തിന് ആഫ്രിക്കൻ പായൽ ഭീഷണിയാണ്. വെള്ളത്തിലെ പോഷകാംശം ചോർത്തുന്ന, ജലോപരിതലത്തിൽ തിങ്ങിക്കൂടി വളർന്ന് സൂര്യപ്രകാശം തടയുന്ന ആഫ്രിക്കൻ പായൽ വെള്ളത്തിലെ സസ്യങ്ങൾക്കും മത്സ്യങ്ങൾക്കും സൂക്ഷ്മജീവികൾക്കും കടുത്ത ഭീഷണിയാണ്. കേരളത്തിലെ ജലാശയങ്ങളിലും ഇതിന്റെ വ്യാപനം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.



തെക്കേ അമേരിക്കയിലെ ആമസോൺ പ്രദേശമാണ് കുളവാഴയുടെ സ്വദേശം. അഞ്ച് ഭൂഖണ്ഡങ്ങളിലായി 50 രാജ്യങ്ങളിൽ പ്രശ്നം സൃഷ്ടിക്കുന്ന ഈ കള ജലപ്പരപ്പിലാണ് വളരുന്നത്. 12 ദിനം കൊണ്ട് ഇരട്ടി പ്രദേശത്ത് വ്യാപിക്കാൻ ശേഷിയുണ്ട് കുളവാഴകൾ ജലാശയങ്ങളുടെ നീരൊഴുക്ക് തടഞ്ഞ് മത്സ്യബന്ധനം, ബോട്ട് സർവ്വീസ് എന്നിവ തടസ്സപ്പെടുന്നു.

ഇംഗ്ലീഷ് അക്ഷരമാലയിലെ ഡി ആകൃതിയിൽ കാണപ്പെടുന്ന സമുദ്രം– ആർട്ടിക് സമുദ്രം

വളർത്തുന്നു. ഇവയെ ചാണകത്തോടൊപ്പം ചേർത്ത് ജൈവ വളമാക്കി പച്ചക്കറിക്കുള്ള ജൈവ കീടനാശിനിയായും ഉപയോഗിക്കാറുണ്ട്.

## കോൺഗ്രസ് പച്ച

തെക്കേ അമേരിക്കയിൽ ജന്മമെടുത്ത 'പാർത്തീനിയം' എന്ന കളയെ ഇന്ത്യയിലാദ്യമായി തിരിച്ചറിഞ്ഞത് 1955-ൽ പൂനെയിലാണ്. കാലിവളത്തിനൊപ്പമാണ് പാർത്തീനിയം ഇന്ത്യയിൽ പടർന്നത്. 1952-55 കാലഘട്ടത്തിൽ തെക്കേ അമേരിക്കയിൽ നിന്ന് ഇറക്കുമതി ചെയ്ത ഗോതമ്പു ചാക്കുകളിലൂടെ ഈ അധിനിവേശസസ്യം ഇന്ത്യയിൽ എത്തിയെന്ന് കരുതപ്പെടുന്നു. പിന്നീട് മഹാരാഷ്ട്രയുടെ ചില ഭാഗങ്ങളിൽ നിന്ന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിക്കുകയായിരുന്നു.

തമിഴ്നാട്ടിൽനിന്ന് കേരളത്തിലേക്ക് കൊണ്ടുവന്ന ചാണകം, ജൈവവളങ്ങൾ, അറവുമാടുകളെ കയറ്റിവന്ന വാഹനങ്ങൾ എന്നിവയിലൂടെ പാലക്കാട്, വയനാട്, ഇടുക്കി ജില്ലകളിലും തെക്കൻ കേരളത്തിലെ പാറശാലയിലും മറ്റും ഈ വിഷച്ചെടി വന്നെത്തി. ഇപ്പോൾ ഇടുക്കി ജില്ലയിലെ മലയോരമേഖലയിൽ ഏക്കർ കണക്കിന് സ്ഥലത്ത് ഇത് പടർന്നുപന്തലിച്ചിട്ടുണ്ട്.

റോഡരികിലും തരിശുഭൂമിയിലും തഴച്ചുവളരുന്ന ഈ സസ്യത്തിന്റെ അപകടസാധ്യത ഇപ്പോഴും പൊതുജനങ്ങൾ തിരിച്ചറിഞ്ഞിട്ടില്ല. 'ആസ്റ്റർ' വിഭാഗത്തിൽപ്പെടുന്ന ഈ ചെടിയിലെ പൂമ്പൊടി ത്വക്ക് രോഗങ്ങൾക്കും ശ്വാസകോശ രോഗങ്ങൾക്കും കാരണമാകുന്നു. 2013 ആഗസ്റ്റ് 16 മുതൽ 22 വരെ ദേശീയതലത്തിൽ പാർത്തീനിയം ബോധന വാരമായി ആചരിച്ചിരുന്നു. ഈ ചെടിയെ നശിപ്പിക്കുന്നതിന് കേരള സർക്കാർ നേരത്തെ ഉത്തരവിട്ടിരുന്നെങ്കിലും അതിന്റെ തുടർ നടപടികൾ ഫലപ്രദമായില്ല. പാർത്തീനിയം കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിച്ചതോടെ ഇത് മൂടോടെ നശിപ്പിച്ചുകളയണമെന്ന് കേരള കാർഷിക സർവകലാശാലാ കളനിയന്ത്രണ സെൽ 2013-ൽ മുന്നറിയിപ്പ് നൽകിയിരുന്നു.

## കമ്യൂണിസ്റ്റ് പച്ച

ജൈവവൈവിധ്യത്തിനു ഭീഷണിയായ കമ്യൂണിസ്റ്റ് പച്ചയുടെ സ്വദേശം തെക്കേ അമേരിക്കയും മധ്യ അമേരിക്കയുമാണ്. ഏഷ്യ, ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങൾക്ക് പുറമെ പെസഫിക് മേഖലയിലും ഇവ സാന്നിധ്യമുറപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യ കമ്യൂണിസ്റ്റ് സർക്കാർ അധികാരമേറ്റെടുത്ത 1957-ൽ കേരളത്തിൽ വ്യാപകമായി തഴച്ചു വളർന്ന ഈ ചെടിക്ക് 'കമ്യൂണിസ്റ്റ് പച്ച' എന്നും 'ഐമുപ്പച്ച' അഥവാ 'ഐക്യമുന്നണിപ്പച്ച' എന്നും വിളിപ്പേരുണ്ടായി. സ്ഥലഭേദമനുസരിച്ച് കാട്ടപ്പ, സിയാം കള, ക്രിസ്മസ് ബുഷ്, ഡെവിൾ കള, കാംഫർ ഗ്രാസ്സ്, ഫോസ്സ് ഫ്ളവർ, മുറിപ്പച്ച, നീലപ്പീലി, നായ്തുളസി, പൂച്ചെടി, അപ്പ എന്നീ പേരുകളിലും ഈ സസ്യം അറിയപ്പെടുന്നു.



ഹിന്ദിയിൽ 'തീവ്ര ഗന്ധ' എന്നറിയപ്പെടുന്ന ഈ ചെടി മറ്റ് സസ്യങ്ങൾക്ക് ഇടം നൽകാതെ കൂട്ടത്തോടെ വളർന്നു വ്യാപിക്കുന്നു. തീവ്രവംശവർദ്ധന ശേഷിയുള്ളയുമാണ്. കൃഷിക്കാർ ഈ കളയെ അടിവളമായി ചേർക്കുന്നു. കൂടാതെ ഇതിന്റെ ഇലകൾ ഇടിച്ചുപിഴിഞ്ഞ നീര് മുറിവുകൾ ഉണക്കാനായി ഉപയോഗിക്കാറുണ്ട്.

## ആനത്തൊട്ടാവാടി



നമ്മുടെ നാട്ടിലെ പാവം തൊട്ടാവാടിയുടെ കുടുംബത്തിൽപ്പെട്ട ആനത്തൊട്ടാവാടിയുടെ സ്വദേശം ബ്രസീലാണ്. ദേശീയോദ്യാനങ്ങളിലും വന്യജീവിസങ്കേതങ്ങളിലും കൃഷിയിടങ്ങളിലും സ്വാഭാവിക വനമേഖലകളിലും രണ്ടു മീറ്റർ വരെ ഉയരത്തിൽ വളർന്നു പരക്കുന്ന ഈ സസ്യം പ്രാദേശിക സസ്യയിനങ്ങൾക്കും മൃഗങ്ങൾക്കും കടുത്ത ഭീഷണിയാണ്. ഇളംചെടികളിൽ 'മൈമോസിൽ' എന്ന വിഷാംശമുള്ളതിനാ ൽ ഇവ തിന്നാൽ കന്നുകാലികൾക്ക് വിഷബാധയേൽക്കാറുണ്ട്.

ബോട്ടാണിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ആസ്ഥാനം– കൊൽക്കത്ത